II ഇ.ബി. XII- കേരള നിയമസഭ/XVII-5

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2011 ഫെബ്രുവരി 16, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15(* 121) **വിള ഇൻഷ്വറൻസ് പദ്ധതി**

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, വിള ഇൻഷ്വറൻസ് പദ്ധതിയിൽ കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരകിഴങ്ങ്), കരിമ്പ്, പുകയില, നെല്ല് എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശമെന്നും സഭയെ അറിയിച്ചു. കൃഷി ഭവനുകൾ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ അംഗമാകുന്നതിന് സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകന് അർഹതയുണ്ടായിരിക്കുന്നതും പദ്ധതിയിൽ അംഗമാകാൻ ഉദ്ദേശി

ക്കുന്നവർ ഇതിനായി നിശ്ചയിച്ചിട്ടുള്ള അപേക്ഷയിൽ അതാത് കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതുമാണ്. കൃഷി ഭവനിൽ നിന്നും തിട്ടപ്പെടുത്തി നിശ്ചയിച്ച പ്രീമിയം തുക സ്ഥലത്തെ ജില്ലാ സഹകരണ ബാങ്ക് ശാഖയിൽ അടച്ചതിന്റെ രസീത് കൃഷി ഭവനിൽ ഏൽപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കർഷകന് പോളിസി നൽകുന്നതാണ്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു മാത്രമാണ് ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നത്. പദ്ധതിയിൽ ചേരുന്ന കർഷകർ, സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിനുമാത്രമേ നഷ്ടപരിഹാരം ലഭിക്കുകയുള്ളു. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ് ദിവസങ്ങൾക്ക് ശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്ക് ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി നഷ്ടപരിഹാര തുക നൽകുന്നതാണ്. ദീർഘകാല വിളകൾക്ക്, കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷി നഷ്ടം സംഭവിച്ചാൽ നിർദ്ദിഷ്ടഫോറത്തിൽ 15 ദിവസത്തിനുള്ളിൽ

കൃഷി ഭവനിൽ അപേക്ഷ നൽകേണ്ടതും അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് നാശനഷ്ടം തിട്ടപ്പെടുത്തി നഷ്ടപരിഹാരം ഓരോ കർഷകന്റെയും പേരിൽ ചെക്കായി കൃഷി ഭവൻ വഴി നൽകുന്നതുമാണ്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരിഫ് വിളക്കാലത്ത് നെല്ല്, മരിച്ചീനി, വാഴ, മഞ്ഞൾ, കൈതച്ചക്ക എന്നീ വിളകൾ എല്ലാ ജില്ലകളിലും ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഇഞ്ചികൃഷിയും റാബി I വിളക്കാലത്തും റാബി II വിളക്കാലത്തും നെല്ല്, മരച്ചീനി, വാഴ എന്നീ വിളകളെ എല്ലാ ജില്ലകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രായോഗികതയും കാര്യക്ഷമതയും കൃഷിക്കാർക്കുണ്ടാകുന്ന പ്രയോജനവും വിലയിരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ 2008-09 മുതൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഓരോ വിളകൾക്കും അതിന്റെ വളർച്ചയ്ക്കും പരമാവധി ഉൽപ്പാദനം ലഭ്യമാക്കുന്നതിനും അനുകൂലമായ കാലാവസ്ഥാ ഘടകങ്ങളുടെ പരിധി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ ഘടകങ്ങളും ഈ അനുകൂല പരിധിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും ഉൽപ്പാദനത്തെ ബാധിക്കുന്നു എന്ന തത്വത്തിൽ ഈ പദ്ധതി അധിഷ്ഠിതമായിരിക്കുന്നതിനാൽ ഓരോ വിളകളുടേയും പരമാവധി ഉൽപ്പാദനത്തിന് ഉതകുന്ന കാലാവസ്ഥാ ഘടകത്തിന്റെ പരിധിയിൽ വരുന്ന വ്യതിയാനം അടിസ്ഥാനമാക്കി ഇൻഷ്വറൻസ് പരിരക്ഷ തിട്ടപ്പെടുത്താവുന്നതാണ്. ഉൽപ്പാദനത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് ഇതിന് മാനദണ്ഡമാക്കുന്നത്. ഇൻഷ്വർ ചെയ്യുന്ന തുകയുടെ രണ്ട് ശതമാനം വരെ വരുന്ന പ്രീമിയത്തിന്മേൽ സർക്കാർ

സബ്സിഡി ലഭ്യമല്ലെന്നും രണ്ട് ശതമാനത്തിലധികം പ്രീമിയം വരുന്ന അവസരത്തിൽ രണ്ട് ശതമാനത്തിലധികമുള്ള തുകയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നതാണെന്നും 5 ശതമാനം മുതൽ 8 ശതമാനം വരെ പ്രീമിയം തുക വരുന്ന അവസരത്തിൽ 3.275 ശത മാനം കർഷകൻ ഒടുക്കുന്ന രീതിയിൽ 40 ശതമാനം സബ്സിഡി നൽകു ന്നുണ്ടെന്നും 8 ശതമാനത്തിലധികം പ്രീമിയം ഒടുക്കേണ്ട അവസരത്തിൽ മിനിമം 4.8 ശതമാനവും ഏറ്റവും കൂടിയത് 6 ശതമാനവും കർഷകന്റെ വിഹിതം വരുന്ന രീതിയിൽ 50 ശതമാനം തുകവരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി വഹിക്കുന്നുണ്ടെന്നും അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യ മുഖേനയാണ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതെന്നും മന്ത്രി അറിയിച്ചു. 2008-09 റാബി വിളക്കാലത്ത് പാല ക്കാട് ജില്ലയിൽ നെല്ല്, മാവ് എന്നീ വിളകളേയും കാസർഗോഡ് ജില്ലയിൽ കശുമാവിനെയും 2009-10 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും ഇടുക്കി ജില്ലയിൽ കുരുമുളകിനും റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും കാസർഗോഡ് ജില്ലയിൽ കശുമാവിനും 2010-11 ഖാരിഫ് വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും ഇടുക്കി, വയനാട് ജില്ലകളിൽ കുരുമുളകിനും റാബി വിളക്കാലത്ത് പാലക്കാട് ജില്ലയിൽ നെല്ലിനും പാല ക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കശുമാവിനും കാലാ വസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിന്മേൽ ആനുകൂല്യം ലഭിക്കുന്നതി നുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി വിളകൾക്ക്

നാശനഷ്ടം ഉണ്ടായി 3 ദിവസത്തിനകം ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കണമെന്ന നിബന്ധന 15 ദിവസമാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരുമായി ചേർന്ന് അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേന നടപ്പിലാക്കുന്നതിനാൽ ഏകപക്ഷീയമായി സംസ്ഥാന സർക്കാരിന് മാത്രമായി നടപടിക്രമങ്ങളിൽ മാറ്റം വരുത്താനാവില്ല. സംസ്ഥാന ഗവൺമെന്റും നാളികേര വികസന ബോർഡുമായി ചേർന്ന് നടപ്പാക്കുന്ന നാളികേര വിള ഇൻഷ്വറൻസ് പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നുണ്ടെന്നും കേരളത്തിന്റെ സാഹചര്യമനുസരിച്ച് കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കാർഷിക നഷ്ടം സോൺ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തണമെന്നും തെങ്ങ്, റബ്ബർ, കാപ്പി ഉൾപ്പെടെ വിട്ടുപോയ കാർഷിക വിളകളെ കാർഷിക സെൻസസിൽ ഉൾപ്പെടുത്തണമെന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മൺസൂണുമായി ബന്ധപ്പെട്ട് കാർഷിക കലണ്ടർ തയ്യാറാക്കുന്നതിന് ഒരു കാലാവസ്ഥാ പഠന കേന്ദ്രം കേരളത്തിൽ സ്ഥാപിക്കണമെന്നുമുള്ള ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിൽ ഉന്നയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**16 (* 122) കയർ മേഖലയുടെ ആധുനികവത്ക്കരണം**

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കയർ മേഖലയുടെ ആധുനികവത്ക്കരണത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് മുടക്കുമുതലിന്റെ 75 ശതമാനം പരമാവധി 25 ലക്ഷം രൂപയും ഇവയുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കായി ആകെ എസ്റ്റിമേറ്റിന്റെ 75% പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചുവരുന്നു;

സ്വകാര്യ മേഖലയിൽ ഇത്തരം ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നവർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപയും നവീകരണം/പുനരുദ്ധാരണം/വിപുലീകരണം എന്നിവയ്ക്കായി ആകെ ഇൻവെസ്റ്റ്മെന്റിന്റെ 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു;

പ്രതിദിനം 3000–4000 തൊണ്ടുവരെ തല്ലുന്ന ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ സംരംഭകർക്ക് 50 ശതമാനം സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു;

ഉല്പാദനക്ഷമതയുള്ള മോട്ടോറൈസ്ഡ് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും നൽകിവരുന്നതു കൂടാതെ വീവിംഗ് യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ സെമി ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കാൻ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്;

ഫോം മാറ്റിംഗ്സിന്റെ ചുമതലയിൽ കയറ്റുപായ് ഉപയോഗിച്ച് കോമ്പോസിറ്റ് ബോർഡ് നിർമ്മിക്കുന്നതിനുള്ള ഫാക്ടറി ഈ മാസം പ്രവർത്തനം ആരംഭിക്കും;

കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബ്ലന്റഡ് യാൺ ഫാക്ടറിയും ഓട്ടോമാറ്റിക് സ്പിന്നിംഗ് ഡിവിഷനും ഈ മാസം ഉദ്ഘാടനം ചെയ്യുന്നതാണ്;

കയർ ഫെഡ്, കയർ കോർപ്പറേഷൻ, ചില മാറ്റസ് ആന്റ് മാറ്റിംഗ്സ് സംഘങ്ങൾ എന്നിവ പി.വി.സി. ടഫ്റ്റഡ് പ്ലാന്റുകൾ സ്ഥാപിച്ചുവരികയാണ്.

കയറുൽപ്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളാ കയറിന്റെ ബ്രാന്റ് ബിൽഡിംഗിന്റെ ഭാഗമായി കയറുല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി സർട്ടിഫിക്കറ്റിംഗ് ഏജൻസിയായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കയറുല്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് കയർ ഫെഡിലെയും കയർ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി എൻ.സി. ആർ.എം.ഐ. നടപടി സ്വീകരിച്ചിട്ടുണ്ട്. ബ്രാൻഡിംഗിന്റെ ഭാഗമായി ചരിത്രത്തിലാദ്യമായി കയറിന് ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി (ദൈവത്തിന്റെ നാട്ടിലെ സുവർണ്ണനാര്) എന്ന ബ്രാൻഡ് നൽകുകയും കേന്ദ്ര ഗവൺമെന്റിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. സാർവ്വദേശീയതലത്തിൽ ഈ ബ്രാൻഡ് ഇപ്പോൾ പ്രചരണത്തിലാണ്. കയർ തൊഴിലാളികൾക്ക് 7000-ത്തോളം ഗുണമേന്മയുള്ള മോട്ടോറൈസ്ഡ് റാട്ടുകൾ ക്ഷേമനിധി ബോർഡും കയർഫെഡും വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട

സംഘങ്ങൾക്ക് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും വീവിംഗ് യൂണിറ്റുകളും അനുവദിച്ചുവരുന്നു. അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 3 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനും ഒരു വില്ലോയിംഗ് മെഷീനും ഉൾപ്പെടെ 25 ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റുകൾ സംഘങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 15 സംഘങ്ങൾ ഇതുവരെ ലിസ്റ്റ് തന്നിട്ടുണ്ട്, 25 സംഘങ്ങൾക്ക് ഇത് കൊടുക്കാൻ കഴിയുന്നതാണ്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എ.സി.സി.ഡി.എസ്. പദ്ധതിയിൽ 192-ഉം എസ്.എഫ്.ആർ.യു. ടി.ഐ. പദ്ധതിയിൽ 91-ഉം കയർഫെഡ് വഴി 18-ഉം വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായമുള്ള ഈ പദ്ധതിയിൽ 20 വില്ലോയിംഗ് മെഷിൻ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിനെ സംബന്ധിച്ച് സംഘങ്ങൾ വ്യക്തമാക്കാത്തതിനാൽ എൻ.സി.ആർ.എം.ഐ.യ്ക്ക് മെഷീൻ ഇതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഒരു വീവിംഗ് യൂണിറ്റിൽ 2 സെമി ആട്ടോമാറ്റിക് ലൂം എന്ന കണക്കിൽ അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 6 സംഘങ്ങൾക്കായി ആകെ 12 ലൂമുകൾ നൽകുകയും അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ഇതോടൊപ്പം ഓരോ ബോബ് വൈൻഡിംഗ് മെഷീനും സ്പൂളിംഗ് മെഷീനും നൽകിയിട്ടുണ്ട്. SFRUTI പദ്ധതി പ്രകാരം 8 മാറ്റ് ഫ്രെയിമുകളും 6 ഡൈവാറ്റും 2 സാധാതറികളും ബേപ്പൂർ ക്ലസ്റ്ററിൽ അനുവദിച്ചിട്ടുണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, അവയുടെ പുനരുദ്ധാരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ NCRMI വികസി

പ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായി കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുവരുന്നു. സ്പിന്നിംഗ് മേഖലയുടെ ആധുനികവൽക്കരണത്തിന് ആക്കം കൂട്ടുന്നതിനായി എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചു വരുന്ന പുതിയ സ്പിന്നിംഗ് മെഷീൻ ഉടനെ ലോഞ്ച് ചെയ്യും. ഈ സാമ്പത്തിക വർഷം തന്നെ കയർ യന്ത്രനിർമ്മാണ ഫാക്ടറി ആലപ്പുഴയിൽ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ വളരെ വേഗം നടന്നുവരികയാണ്. ചരിത്രത്തിലാദ്യമായിട്ടാണ് നമുക്കാവശ്യമായിട്ടുള്ള കയർ യന്ത്രങ്ങൾ കേരളത്തിൽത്തന്നെ നിർമ്മിക്കുന്ന ഫാക്ടറി സ്ഥാപിക്കപ്പെടുന്നത്. സഹകരണ മേഖല, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം ആരംഭിച്ചിട്ടുള്ള മില്ലുകളുടെ പുനരുദ്ധാരണ പ്രവർത്തനത്തിനായി ചെലവിന്റെ 75% സ്വകാര്യ സംരംഭകർക്കും കോ-ഓപ്പറേറ്റീവ്സിനും ഒരുപോലെതന്നെ നൽകിവരികയാണ്. പരമാവധി 15 ലക്ഷം രൂപയും സ്വകാര്യ സംരംഭകരുടെ മില്ലുകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 75% പരമാവധി 10 ലക്ഷം രൂപയും അനുവദിച്ചുവരുന്നു. കുറച്ച് തൊണ്ട് തല്ലാവുന്ന ചെറിയ ഡീഫൈബറിംഗ് മില്ലുകളാണ് കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യം എന്ന് തിരിച്ചറിഞ്ഞ് NCRMI അത്തരം 192 മില്ലുകൾ വികസിപ്പിച്ചിട്ടുണ്ട്. 1000 എണ്ണം വരെ വിതരണം ചെയ്യാൻ പദ്ധതി തയ്യാറാക്കി. ഇതുവരെ 142 മിനി ഡീഫൈബറിംഗ് മെഷീനുകൾ നൽകിക്കഴിഞ്ഞു. 50 എണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ട്. കയറുൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിച്ചുവരികയാണെങ്കിലും വിപണനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. 2000-2001-ൽ കയറിന്റെ കയറ്റുമതി ഓൾ ഇൻഡ്യ കണക്കനുസരിച്ച് 313.64 കോടിയായിരുന്നത്

2005-06-ൽ 508.44 കോടിയായും 2009-10-ൽ 804.05 കോടിയായും വർദ്ധിച്ചു. ഇതിൽ 80 ശതമാനവും കേരളത്തിലെ കയറും കയറുൽപ്പന്നങ്ങളുമാണ്. ഹാന്റ്ലൂം മാറ്റ്സിന്റെ കയറ്റുമതിയിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്. പി.വി.സി. ടഫ്റ്റഡ് മാറ്റ്സിന്റെ കയറ്റുമതി 2005-2006-ൽ 116 കോടി രൂപയായിരുന്നത് കഴിഞ്ഞ വർഷം 253.5 കോടി രൂപയായി വർദ്ധിച്ചു. ആഭ്യന്തര വിപണിയിലെ വില്പനയെ സംബന്ധിച്ച് ആധികാരികമായി വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ ഈ വർഷം മുതൽ ഇത്തരം വിവരങ്ങൾ ക്രോഡീകരിക്കാൻ കയർ വികസന ഡയറക്ടറേറ്റിൽ സ്ഥിരമായ സംവിധാനം ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.സി.ആർ.എം.ഐ.യുടെ പ്രവർത്തനം ആരംഭിച്ചതോടുകൂടി കേരളത്തിലെ കയർ വ്യവസായ മേഖലയിൽ നിർണ്ണായകമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പോർട്ടബിൾ ഡീഫൈബറിംഗ് മില്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 27.43 കോടി രൂപ നൽകിയ സ്ഥാനത്ത് ഈ സർക്കാർ 74.19 കോടി രൂപ നൽകി. കയർ മേഖലയുടെ വികസനത്തിനായി എല്ലാ ബ്ലോക്ക് അടിസ്ഥാനത്തിലും മാർക്കറ്റ് കൺസോർഷ്യം രൂപീകരിച്ചു. ആലപ്പുഴയിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ കയർ ഫെസ്റ്റിൽ 21 കോടി രൂപയുടെ ഓർഡർ ലഭിക്കുകയുണ്ടായി. ഇതു കൂടാതെ ആറ് സ്ഥലങ്ങളിൽവച്ചുകൂടി നടത്തിയ കയർ ഫെസ്റ്റുകളിൽ വലിയ മുന്നേറ്റമാണ് ഈ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നതെന്നും കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ 30 കോടി രൂപ ഗ്രാന്റായി കയർ സഹകരണ സംഘങ്ങൾക്ക് കൊടുത്തിട്ടുള്ളതു കൂടാതെ 200 കോടിയോളം രൂപ നേരിട്ട് കയർ സഹകരണ സംഘങ്ങൾക്ക്

കൊടുത്തതിന്റെ ഫലമായി 50-ഓളം കയർ സഹകരണ സംഘങ്ങളെ മുന്നോട്ടു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടി യായി മന്ത്രി വ്യക്തമാക്കി.

17(*123) <u>പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ</u>

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, ബാബുവിജയ്നാഥ് കമ്മീഷൻ ശുപാർശ പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങൾ മൂന്നു വർഷത്തിലൊരിക്കൽ പരിഷ്ക്കരിക്കേണ്ടതുണ്ടെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പി ക്കാതിരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഈ സർക്കാർ കാലോചി തമായി പരിഷ്ക്കരിക്കുകയുണ്ടായെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റിൽനിന്നും മെരിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം നേടി പഠനം നടത്തുന്ന പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികകൾക്ക് ഫീസ് നിർണ്ണയ സമിതി നിശ്ചയി ക്കുന്ന ഫീസും മറ്റാനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്. DME, DHS, Nursing council തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാ ക്കിയ റാങ്ക് ലിസ്റ്റിൽനിന്നും സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങ ളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് അലോട്ട്മെന്റ് വഴി മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി

നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നു. കേന്ദ്ര-സംസ്ഥാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര - സംസ്ഥാന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളായ എൽ.ബി.എസ്. സെന്റർ, ഐ.എച്ച്.ആർ.ഡി., സി-ഡിറ്റ്, സി-ഡാക്ക്, ഇ.ആർ.&ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിലും സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ സ്വാശ്രയ കോഴ്സുകളിലും പഠനം നടത്തുന്ന വർക്കും ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നു. സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥി കൾക്കും ആനുകൂല്യം നൽകുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിലെ വിവിധ സ്ഥാപനങ്ങളിൽ കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോ ട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാനത്തിനകത്ത് പഠി ക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതുപോലെ അംഗീകൃത ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവയും ഹോസ്റ്റലിൽ താമസിക്കുന്നതിനുള്ള ഹോസ്റ്റൽ ഫീസും പോക്കറ്റ് മണിയും ലംപ്സം ഗ്രാന്റും അനുവദിച്ചു നൽകു ന്നതാണ്. കേരളത്തിൽ നിലവിലില്ലാത്ത കോഴ്സുകൾക്ക് അന്യ സംസ്ഥാ നത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്ന തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ആവിഷ്ക്കരിച്ച 'ഇ- ഗ്രാന്റ്സ്'

എന്ന വെബ് അധിഷ്ഠിത വിദ്യാഭ്യാസാനുകൂല്യ വിതരണ പദ്ധതിയിലൂടെ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എ.ടി.എം. മുഖേന ലഭ്യമാക്കുകയും സ്ഥാപനത്തിന് ലഭിക്കേണ്ട തുക സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നു. പ്രവേശനം നേടി 5 ദിവസത്തിനകം ആനുകൂല്യത്തിനുള്ള അപേക്ഷയും ബാങ്ക് അക്കൗണ്ട് അപേക്ഷയും ഒരുമിച്ച് നൽകുന്നതിനാൽ വിദ്യാർത്ഥികൾക്ക് അക്കൗണ്ട് തുടങ്ങി ആനുകൂല്യങ്ങൾ വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു. സ്വകാര്യ/സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കും എ.ടി.എം. സിസ്റ്റം കൊണ്ടുവന്നിട്ടുണ്ട്. പ്രീമെട്രിക് തലത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിദ്യാഭ്യാസ വർഷാരംഭത്തിൽത്തന്നെ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ആദ്യത്തെ 5 മാസത്തേത് ജൂൺ 20 -നകവും രണ്ടാമത്തെ ഗഡു ഡിസംബർ 31 നകവും മുൻകൂറായി നൽകുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വിദ്യാഭ്യാസാനുകൂല്യ ഇനത്തിൽ കുടിശികയുണ്ടായിരുന്ന 48 കോടി രൂപ കൊടുത്തു തീർക്കുകയും കഴിഞ്ഞ ഗവൺമെന്റ് മുന്നൂറ്റിനാല് കോടി എഴുപത് ലക്ഷം രൂപ വിതരണം ചെയ്ത സ്ഥാനത്ത് ഈ ഗവൺമെന്റ് അഞ്ഞൂറ്റി അമ്പത്തിനാലു കോടി മുപ്പത് ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തു. സംസ്ഥാനത്തെ 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ നല്ല രീതിയിൽ പ്രവർത്തിക്കുകയും 97 മുതൽ നൂറു ശതമാനംവരെ വിജയം കൈവരിക്കുകയും ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം കേരളത്തിന് വെളിയിൽ പഠിച്ച എസ്.സി. വിഭാഗത്തിൽപ്പെട്ട 396 വിദ്യാർത്ഥികൾക്കായി ഒരു കോടി ഇരുപ

ത്തിയൊന്നു ലക്ഷത്തി എൺപത്തി അയ്യായിരത്തി നൂറ്റിയമ്പത്തിമൂന്ന് രൂപയും എസ്.ടി.വിഭാഗത്തിൽപ്പെട്ട 16 വിദ്യാർത്ഥികൾക്കായി ഇരുപത്തി യൊന്നുലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി ഇരുപത്തിനാല് രൂപയും കൊടു ക്കുകയുണ്ടായി. ഒ.ബി.സി. സ്കോളർഷിപ്പ് ഇനത്തിൽ 2007 മുതൽ 2010 വരെ പത്തുകോടി മുപ്പതു ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിക്കുകയു ണ്ടായി. ഒരു വർഷം ഒ.ബി.സി. വിഭാഗക്കാരുടെ വിദ്യാഭ്യാസാനുകൂല്യ ത്തിന് കേരള

സർക്കാർ ചെലവഴിക്കുന്നത് 60 കോടി രൂപ മുതൽ 70 കോടി രൂപ വരെയാ യതിനാൽ കേന്ദ്രത്തിൽനിന്നും അറുപത് കോടി രൂപയുടെ അധിക തുക ലഭി ക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും അത് ലഭിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്ര മായി ആവിഷ്കരിച്ച സ്കോളർഷിപ്പ് പദ്ധതി പ്രകാരം പത്തുകോടി മുപ്പത് ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തി ലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളും നവീകരിക്കുകയും 500 രൂപയായിരുന്ന പ്രീമെട്രിക് അലവൻസ് ആയിരത്തി മുന്നൂറാക്കി വർദ്ധിപ്പിക്കുകയും സംസ്ഥാ നത്തെ 246 ഹോസ്റ്റലുകൾ 14 കോടി അറുപത് ലക്ഷം രൂപ ചെലവ് ചെയ്തു കൊണ്ട് നവീകരിക്കുകയും ചെയ്തതായി ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**18 (*124)** വൻകിട വൈദ്യുത പദ്ധതികൾ

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത മുന്നിൽ

കണ്ട് ചെറുകിട-വൻകിട ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 204 മെഗാവാട്ട് വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തുവെന്നും സഭയെ അറിയിച്ചു. പൂഴിത്തോട് ചെറുകിട ജലവൈദ്യുത പദ്ധതി (4.8 മെഗാവാട്ട്) ഫെബ്രുവരി 19-ന് കമ്മീഷൻ ചെയ്യും. കൂടാതെ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും വർക്ക് അവാർഡ് ചെയ്തതുമായ 10 ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ 803.8 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധനവാണ് വരുന്ന 10 വർഷത്തിനുള്ളിൽ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി ചെറുകിട പദ്ധതികൾ ഉൾപ്പെടെ 46 പദ്ധതികൾ വരുന്ന 5 വർഷത്തിനുള്ളിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒറീസ്സയിലെ ബൈധരണിയിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച കൽക്കരിപ്പാടത്ത് നിന്നും 1000 മെഗാവാട്ട് വൈദ്യുത പദ്ധതിക്കുള്ള കൽക്കരി ലഭ്യമാകും. ഒറീസ്സ, ഗുജറാത്ത് സംസ്ഥാനങ്ങളുമായി ചേർന്ന് ഇതിന് കമ്പനി രൂപീകരിച്ച് നടപടികൾ തുടങ്ങി. ഇതുപയോഗപ്പെടുത്തി 1000 മെഗാവാട്ട് കൽക്കരി താപനിലയം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. ചീമേനിയിൽ ഒരു മെഗാപവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടമെന്ന നിലയിൽ പ്രകൃതി വാതകം ഉപയോഗിച്ചുകൊണ്ടുള്ള 1200 മെഗാവാട്ട് പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. ബ്രഹ്മപുരത്ത് 1026 മെഗാവാട്ടിന്റെ ഒരു പ്രകൃതി വാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ചീമേനിയിൽ സൂപ്പർ താപനിലയം സ്ഥാപിക്കാനുള്ള പദ്ധതിക്കായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സിയും കെ.എസ്.ഇ.ബി.യും ചേർന്ന് രൂപീകരിക്കുന്ന ഒരു

സംയുക്ത സംരംഭമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ ജോലികൾ പുരോഗമിച്ചുവരുന്നു. എൻ.ടി.പി.സി. നടപ്പിലാക്കുന്ന കായംകുളം താപനിലയത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 1950 മെഗാവാട്ട് ലക്ഷ്യമിട്ടിരുന്നെങ്കിലും എൽ.എൻ.ജി.യുടെ ലഭ്യതയും മറ്റും കണക്കിലെടുത്ത് 1050 മെഗാവാട്ടാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 1026 മെഗാവാട്ട് സ്ഥാപിതശേഷിയുള്ളതും പ്രകൃതി വാതകം ഇന്ധനമായി പ്രവർത്തിക്കുന്നതുമായ താപനിലയം സ്ഥാപിക്കുന്നതിന് 4419.25 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അടുത്ത പത്തു വർഷത്തിനുള്ളിൽ ഈ പദ്ധതികളെല്ലാം പ്രാവർത്തികമാകുന്നതോടുകൂടി 5080.6 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പൂർണ്ണമായി പരിഹരിക്കാനാകുമെന്നും വൈദ്യുതിയുടെ കാര്യത്തിൽ കേരളം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുമെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 964 മുതൽ 1236 വരെയുള്ള ചോദ്യങ്ങളിൽ 171 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)